**കേരള സർക്കാർ**

**ദുരന്ത നിവാരണ (എ) വകുപ്പ്**

**പരിപത്രം**

നമ്പർ.ഡി.എം.എ 2/238/2018- ഡി.എം.ഡി. തീയതി, തിരുവനന്തപുരം, 23/05/2019

വിഷയം:- ദുരന്ത നിവാരണ വകുപ്പ് - സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനം - ജില്ലാകളക്ടർമാർക്ക് അനുവദിച്ച് നൽകിയ സാറ്റലൈറ്റ് ഫോണുകളുടെ വിനിയോഗം - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1 സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 01.10.2018- ലെ യോഗ നടപടി കുറിപ്പ്.
2. സ.ഉ.(സാധാ)നം.246/2018/ഡി.എം.ഡി. തീയതി 04.05.2018
3. 06.02.2019- ലെ സംസ്ഥാന അടിയന്തിരഘട്ട കാര്യ നിർവ്വഹണ കേന്ദ്രത്തിലെ SEOC/GEN/2473/2018 നമ്പർ കത്ത്.

01.10.2018- ലെ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാന പ്രകാരം ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ സഹായത്തോടെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എല്ലാ ജില്ലാകളക്ടർമാർക്കും സാറ്റലൈറ്റ് ഫോൺ വാങ്ങി നൽകിയിരുന്നു. പ്രസ്തുത സാറ്റലൈറ്റ് ഫോണുകളുടെ ഉപയോഗം സംബന്ധിച്ച് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) സാറ്റലൈറ്റ് ഫോൺ കെട്ടിടത്തിനുള്ളിൽ പ്രവർത്തിക്കില്ല. പുറത്ത്, ആകാശം കാണുന്ന രീതിയിൽ antenna ഉയർത്തി വച്ച് ഓൺ ചെയ്ത് 5 മിനിറ്റ് വച്ചാൽ മാത്രമേ സാറ്റലൈറ്റ് ബന്ധം കിട്ടുകയും ഉപയോഗിക്കുവാനും സാധിക്കു.

2) അതാത് ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുള്ള അതീവ സുരക്ഷ ആവശ്യമായ ഫോണുകളുടെ വ്യക്തിപരമായ ഉത്തരവാദിത്തം ജില്ലാ കളക്ടർമാർക്ക് ആയിരിക്കും. സംസ്ഥാന ഇ.ഓ.സി യിലെ ഫോണിന്റെ ഉത്തരവാദിത്തം സംസ്ഥാന ഇ.ഓ.സി ഹെഡിനും ആയിരിക്കും.

3) എല്ലാ ബുധനാഴ്ച്ച യും ഉച്ചക്ക് 3 മുതൽ 5 മണി വരെ ഉള്ള സമയത്ത് അതാത് ജില്ലാ അടിയന്തിരഘട്ട കാര്യ നിർവ്വഹണ കേന്ദ്രങ്ങൾ (DEOC) ഈ ഫോണുകൾ ജില്ലാ കളക്ടർമാരിൽ നിന്നും വാങ്ങി, സംസ്ഥാന അടിയന്തിരഘട്ട കാര്യ നിർവ്വഹണ കേന്ദ്രത്തിന്റെ 9446568222, 9446580222 എന്നിവയിൽ ഏതെങ്കിലും ഒരു ഫോണിലേക്ക് വിളിക്കുക. ബുധനാഴ്ച്ച പകൽ മുഴുവൻ ഈ ഫോണുകൾ ഓൺ ആക്കി വയ്ക്കുകയും, 5 മണിക്ക് ശേഷം ഇവ ചാർജ്ജ് ചെയ്ത്, ജില്ലാ കളക്ടറെ അന്ന് രാത്രിയോടെ തന്നെ തിരികെ ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്.

4) ഒരു മിനിറ്റിന് ഏകദേശം 50 രൂപ ആകും എന്നതിനാൽ, item 3 ൽ നിർദേശിച്ചിരിക്കുന്ന കാൾ അല്ലാതെ, ജില്ലാ കളക്ടർമാർ, അല്ലെങ്കിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ അടിയന്തിരഘട്ട കാര്യ നിർവ്വഹണ കേന്ദ്രങ്ങൾ നേരിട്ട് നിർണ്ണയിക്കുന്ന കാൾ മാത്രമേ ഇവയിൽ നിന്നും വിളിക്കാവൂ.

5) ജില്ലാ കളക്ടർ ജില്ലയിൽ ഇല്ലാത്ത സാഹചര്യത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (ഡെപ്യൂട്ടി കളക്ടർ, ദുരന്ത നിവാരണം/അല്ലെങ്കിൽ എ.ഡി.എം, ജില്ലയ്ക്ക് ബാധകമായത് അനുസരിച്ച്) ഈ ഫോൺ സൂക്ഷിക്കേണ്ടതാണ്. എല്ലാ അവസരത്തിലും ജില്ലയുടെ അതിർത്തിക്കുള്ളിൽ ഈ ഫോൺ ഉണ്ടായിരിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ജില്ലാകളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

രമേശൻ എം.കെ
അഡീഷണൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ആന്റ് ഹെഡ് സയന്റിസ്റ്റ്, സംസ്ഥാന അടിയന്തിരഘട്ട കാര്യ നിർവ്വഹണ കേന്ദ്രം, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ & ഇ), കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് :- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി.) വകുപ്പ്
ദുരന്ത നിവാരണ വകുപ്പ് (എ 1, എ 3, എ 4) സീറ്റുകൾക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ